പി.എസ്.സി.-യിൽനിന്നും തറവാടക ഈടാക്കുന്നതിനുള്ള നിർദ്ദേശം

100(T1165) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പി.എസ്.സി. ആഫീസിന്റെയും മേഖലാ ആഫീസിന്റെയും പരിധിയിൽ വരുന്ന വിവിധ തസ്തികകളുടെ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റുകൾ, ഡ്രൈവിംഗ് ടെസ്റ്റുകൾ എന്നിവ നടത്തുന്നതിന് സൗജന്യമായി ലഭ്യമായിരുന്ന ആശ്രാമം മൈതാനത്തിന് ഇപ്പോൾ തറ വാടക ഈടാക്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പി.എസ്.സി.-ക്ക് 72000 രൂപയുടെ റവന്യൂ റിക്കവറി നോട്ടീസ് നല്കിയിരിക്കുന്നത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി.-യ്ക്ക് സൗജന്യമായി ആശ്രാമം മൈതാനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1995-ലെ കേരള മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് തറവാടക ഈടാക്കാൻ നിർദ്ദേശിച്ച് ഉത്തരവ് നൽകിയിട്ടുള്ളത്. ആയത് പിൻവലിക്കുന്നതിന് നിലവിൽ തീരുമാനിച്ചിട്ടില്ല.

(ബി) പി.എസ്.സി. റീജിയണൽ ഓഫീസ് കടിശ്ശികയായ 60,000 (അറുപതിനായിരം രൂപ മാത്രം) രൂപ 28-1-2016-ലെ റ്റി.ആർ5-01587/5645 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. ജില്ലാ ഓഫീസറുടെ കടിശ്ശികയായ 12,000 രൂപ ഇനിയും ഒടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ചെങ്ങറ കുടിയേറ്റ കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

101(1166) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനിയിലെ ചെങ്ങറ കുടിയേറ്റ കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിൽ ചെങ്ങറ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട ഹോസ്ദുർഗ്ഗ് താലൂക്കിലെ പെരിയ വില്ലേജിൽ മാത്രമാണ് ചെങ്ങറ കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിച്ചിട്ടുള്ളത്. ഹോസ്ദുർഗ്ഗ് താലൂക്കിലെ ചീമേനി വില്ലേജിൽ സ്ഥലം മാത്രമാണ് അനുവദിച്ചിരിക്കുന്നത്. എന്നിരുന്നാലും സ്ഥലം അനുവദിച്ച കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും മുൻഗണനാക്രമമനുസരിച്ച് വീടും മറ്റും അനുവദിച്ച് വരുന്നുമുണ്ട്.

ഇടുക്കി നിയോജക മണ്ഡലത്തിലെ പട്ടയ വിതരണം

102(1167) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ അർഹരായ എത്രപേർക്ക് പട്ടയം നൽകി; ആയതിന്റെ വിവരങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ നൽകിയ പട്ടയങ്ങളുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

വില്ലേജ്	ആകെ നൽകിയ പട്ടയങ്ങളുടെ എണ്ണം
കൊന്നത്തടി	619
വാത്തിക്കുടി	1910
ഉപ്പുതോട്	588
തങ്കമണി	2874
കഞ്ഞിക്കുഴി	34
ഇടുക്കി	98
കട്ടപ്പന	1453
കാഞ്ചിയാർ	110
ആകെ	7686

LIBRARY ARCHIVES Kerala Legislative Assembly